**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല – പുതുപരിയാരം ഗ്രാമപഞ്ചായത്ത് - ഗ്രാമന്യായാലയത്തിന്റെ മെയിന്റനൻസിനും ഉദ്ഘാടനത്തിനും തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1627/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 16/06/2018

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 19/05/2018 ലെ ജി1/24721/2017 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ മലമ്പുഴ ബ്ലോക്കിൽ ഗ്രാമന്യായാലയം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 19/12/2016 ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി എന്നും, ചുരുങ്ങിയ ദിവസം കൊണ്ട് നടത്തിയ പരിപാടിയായതിനാൽ മതിയായ അംഗീകാരം വാങ്ങുവാൻ കഴിഞ്ഞില്ല എന്നും, ആയതിനാൽ ഗ്രാമ ന്യായാലയത്തിന്റെ ഉദ്ഘാടന ചടങ്ങിലേക്കായി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്ന് 49,029/- രൂപ അനുവദിച്ചിട്ടുള്ളത് സാധൂകരിച്ചും, ഗ്രാമന്യായാലയത്തിന്റെ മെയിന്റനൻസ് പ്രവൃത്തികൾക്കായി ചെലവായ 7,00,000/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകിയും ഉത്തരവുണ്ടാകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ മലമ്പുഴ ബ്ലോക്കിൽ ഉദ്ഘാടനം ചെയ്ത ഗ്രാമ ന്യായാലയത്തിന്റെ ഉദ്ഘാടനത്തിനായി തനത് ഫണ്ടിൽ നിന്നും 49,029/- (നാൽപത്തിയൊൻപതിനായിരത്തി ഇരുപത്തിയൊൻപത്) രൂപ ചെലവഴിച്ച നടപടി സാധൂകരിച്ചും, ഗ്രാമ ന്യായാലയത്തിന്റെ മെയിന്റനൻസ് പ്രവൃത്തികൾക്കായി 7,00,000/- (ഏഴ് ലക്ഷം രൂപ) തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

സെക്രട്ടറി / പ്രസിഡന്റ്, പുതുപരിയാരം ഗ്രാമപഞ്ചായത്ത്, പുതുപരിയാരം പി.ഒ, പാലക്കാട്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ